# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T - 2547** **19.06.2013 -ൽ മറുപടിയ്ക്ക്**

**പാലക്കാട്ടെ പുതിയ മെഡിക്കൽ കോളേജ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായുള്ള രൂപരേഖയ്യും വിശദമായ പ്രോജക്ട് റിപ്പോർട്ടിനുമുള്ള ഫിനാൻസ് ബിഡ് പരിശോധനയിലാണ്. |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; ആയതിനായി എന്ത് തുക ചെലവഴിച്ചു? | (ബി) | പാലക്കാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ഹോസ്പിറ്റൽ സർവ്വീസസ് ആന്റ് കൺസൽട്ടൻസി കോർപ്പറേഷൻ (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിയമിച്ചിട്ടുണ്ട്. രൂപരേഖയും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പാലക്കാട് മെഡിക്കൽ കോളേജ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിവിധ ഇനങ്ങളിലായി ആകെ 30,10,822 (മുപ്പതു ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി ഇരുപത്തി രണ്ട്) രൂപ ഇതു വരെ ചെലവായിട്ടുണ്ട്. |

Rasheed

സെക്ഷൻ ഓഫീസർ.